2013 ജൂലൈയിലെ വാചാ പരീക്ഷയ്ക്ക് അപേക്ഷിച്ച സർവീസിലുള്ള അന്ധരായ പരീക്ഷാർത്ഥികൾക്ക് വേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ യഥാക്രമം 24.10.2013, 06.11.2013, 30.10.2013 എന്നീ തീയതികളിൽ വകുപ്പുതല വാചാ പരീക്ഷ നടത്തുവാൻ കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നു. തിരുവനന്തപുരം മേഖല തെരഞ്ഞെടുത്തവർക്ക് ആസ്ഥാന ഓഫീസിൽ വച്ചും, എറണാകുളം, കോഴിക്കോട് മേഖലകൾ തെരഞ്ഞെടുത്തവർക്ക് അതാതു ജില്ലാ ഓഫീസുകളിൽ വച്ചുമാണ് വാചാ പരീക്ഷ നടത്തുന്നത്. അപേക്ഷകർ അഡ്മിഷൻ ടിക്കറ്റ്, വികലാംഗ സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ രേഖകളുമായി രാവിലെ 08.30 മണിക്ക് വാചാ പരീക്ഷയുടെ കേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്. അർഹരായ പരീക്ഷാർത്ഥികൾക്കുള്ള അറിയിപ്പുകൾ അയച്ചു കഴിഞ്ഞിട്ടുണ്ട്. ഒക്ടോബർ 21 നകം അറിയിപ്പ് ലഭിക്കാത്തവർ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് വിഭാഗത്തിൽ ബന്ധപ്പെടേണ്ടതാണ്.